# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 4017

16-12-2014ൽ മറുപടിക്ക്

### വൈദ്യുതി മോഷണം തടയുന്നതിന് നടപടി

ചോദ്യം

ഉത്തരം

ശ്രീ. എം. ചന്ദ്രൻ

ശ്രീ. ആര്യാടൻ മുഹമ്മദ്.
(ഊർജ്ജ വകുപ്പ് മന്ത്രി.)

| ചോദ്യം | ഉത്തരം |
|---|---|
| (എ) വൈദ്യുതി മോഷണം തടയുന്നതി-ലേയ്ക്കായി പാലക്കാട് ജില്ലയിൽ 2014-ലിൽ നാളിതുവരെ എത്ര റെയ്ഡുകളാണ് നടത്തിയിട്ടുള്ളത്; | (എ) പാലക്കാട് ജില്ലയിൽ 2014-ൽ നാളിതു വരെ 6604 റെയ്ഡുകൾ നടത്തിയിട്ടുണ്ട്. |
| (ബി) ഇതിൽ എത്ര വൈദ്യുതി മോഷണ കേസുകളാണ് കണ്ടെത്തിയത്; | (ബി) ഇതിൽ 64 മോഷണ കേസ്സുകൾ കണ്ടെത്തി. |
| (സി) പ്രസ്തുത കേസുകളിൽ നിന്നും പിഴ ഇനത്തിൽ സർക്കാരിന് ലഭിച്ച തുക എത്ര; | (സി) വൈദ്യുതി ബോർഡ് പിഴ ഇനത്തിൽ 71.46 ലക്ഷം രൂപ ഈടാക്കി. |
| (ഡി) കാർഷികാവശ്യത്തിനായുള്ള വൈദ്യുതി മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിൽ ആയതു തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്? | (ഡി) കാർഷിക കണക്ഷനുകൾ പരിശോധി-ക്കുകയും വൈദ്യുതി ദുരുപയോഗം തടയുന്ന-തിനുമായി ജനങ്ങൾക്കിടയിൽ ബോധവത്കരണം നടത്തി വരുകയും പരിശോധനയിൽ ദുരുപയോഗം കണ്ടെ- ത്തിയവരിൽ നിന്നും പിഴ ഈടാക്കുകയും |

| | |
|---|---|
| | ചെയ്യുന്നുണ്ട്.<br><br>കാർഷികാവശ്യത്തിനുള്ള വൈദ്യുതി മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എ.പി.റ്റി എസ്സിന്റെ 13 സ്ക്വാഡുകൾ സംസ്ഥാനത്തുടനീളം നടത്തുന്ന പരിശോധനകളിൽ കാർഷികാവശ്യത്തിനുള്ള വൈദ്യുത കണക്ഷനുകൾ പരിശോധിക്കുന്നതിന് പ്രത്യേക മുൻഗണന നൽകുന്നുണ്ട്. കൂടാതെ ചില പ്രത്യേക മേഖലകൾ കേന്ദ്രീകരിച്ച് കാർഷിക കണക്ഷനുകൾ മാത്രമായി ഊർജ്ജിത പരിശോധനകളും നടത്തുന്നുണ്ട്. ഇതിന് പുറമേ എ.പി.റ്റി എസ്സിന്റെ മേധാവി കൂടിയായ ചീഫ് വിജിലൻസ് ഓഫീസർ പത്രമാധ്യമങ്ങളിലൂടെയും ദൃശ്യമാധ്യമങ്ങളിലൂടെയും ഇത്തരം കണക്ഷനുകൾ ദുരുപയോഗം നടത്തിയാൽ ഉണ്ടാകുന്ന ഭവിഷ്യത്തുകളെക്കുറിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിന് വേണ്ടി പ്രസ്താവനകൾ നടത്തുകയും ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ